"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്സ് - മാതൃകാ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.38/2026/LSGD തീയതി, തിരുവനന്തപുരം, 25-01-2026

---

പരാമർശം:-

1. 10.11.2025-ലെ സ.ഉ. (കൈ) നം. 218/2025/തസ്വഭവ
2. 07.04.2025-ലെ സ.ഉ. (സാധാ) നം. 922/2025/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05/01/2026, 14/01/2026 തീയതികളിലെ KSHO/1155/2025-L നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ ജില്ലകളിൽ നിലവിലുള്ള ബഡ്സ് സ്ഥാപനങ്ങളെ മാതൃകാബഡ്സ് സ്ഥാപനമായി ഉയർത്തുന്നതിന്റെ ഭാഗമായി ബഡ്സ് സ്ഥാപനങ്ങൾ സന്ദർശിച്ച് സ്ഥാപന അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കുന്നതിനും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനുമായി ചുമതലപ്പെടുത്തിയിരുന്ന, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, ഒന്നാം ഘട്ടമായി വിവിധ ജില്ലകളിലുള്ള 10 ബഡ്സ് സ്ഥാപനങ്ങളെ, മോഡൽ ബഡ്സ് സ്ഥാപനങ്ങൾ ആക്കി ഉയർത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ബഡ്സ് സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2018 മുതൽ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ച നൽകിയ തുകയിൽ വിനിയോഗിക്കാതിരുന്ന തുക കുടുംബശ്രീയിലേക്ക് തിരികെ അടയ്ക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുള്ളതായും, ഇങ്ങനെ ലഭിക്കുന്ന തുകയും പരാമർശം (2) ഉത്തരവ് പ്രകാരം 2025-26 സാമ്പത്തികവർഷം കുടുംബശ്രീ പ്ലാൻ ഫണ്ടിലെ സാമൂഹ്യവികസനത്തിന്റെ ഉപശീർഷകമായ BUDS-17 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,00,00,000/- (അഞ്ച് കോടി) രൂപയും മാതൃക ബഡ്സ് സ്ഥാപനം രൂപീകരിക്കുന്നതിനായി വിനിയോഗിക്കാവുന്നതാണെന്നും, ഈ സാഹചര്യത്തിൽ, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR) സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, വിവിധ ജില്ലകളിലുള്ള 19 ബഡ്സ് സ്ഥാപനങ്ങളെ, മോഡൽ ബഡ്സ് സ്ഥാപനങ്ങൾ ആക്കി ഉയർത്തുന്നതിനുള്ള 2,87,46,710/- (രണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി എഴുന്നൂറ്റി പത്ത്) രൂപയുടെ പ്രൊപ്പോസലിന് അനുമതി നൽകണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3 സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഡ്സ് സ്ഥാപനങ്ങളെ മോഡൽ ബഡ്സ് സ്ഥാപനങ്ങൾ ആക്കി ഉയർത്തുന്നതിന് NIPMR രണ്ടാം ഘട്ടമായി ലഭ്യമാക്കിയിട്ടുള്ള 2,87,46,710/- (രണ്ട് കോടി എൺപത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി എഴുന്നൂറ്റി പത്ത്) രൂപയുടെ ചുവടെ ചേർത്തിട്ടുള്ള പ്രൊപ്പോസലിന് അനുമതി നൽകിക്കൊണ്ടും, ചെലവ് ഭരണാനുമതി തുകയ്ക്കുള്ളിൽ നിലനിർത്തേണ്ടതാണെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ജില്ല | തുക (₹) |
|---|---|---|---|
| 1. | ഈരാറ്റുപേട്ട | കോട്ടയം | 22,14,375 |
| 2. | വെളിയന്നൂർ | കോട്ടയം | 17,66,152 |
| 3. | കണ്ണപുരം | കണ്ണൂർ | 22,39,870 |
| 4. | കരിവെള്ളൂർ | കണ്ണൂർ | 23,78,384 |
| 5. | നീലേശ്വരം | കാസർഗോഡ് | 18,92,770 |
| 6. | ചെറുവത്തൂർ | കാസർഗോഡ് | 1,79,800 |
| 7. | കലഞ്ഞൂർ | പത്തനംതിട്ട | 15,14,525 |
| 8. | പള്ളിക്കൽ | പത്തനംതിട്ട | 7,96,825 |
| 9. | വടവുകോട് | എറണാകുളം | 12,37,628 |
| 10. | പാലേരിമംഗലം | എറണാകുളം | 15,59,824 |
| 11. | ശൂരനാട് സൗത്ത് | കൊല്ലം | 16,50,794 |
| 12. | ഇട്ടിവ | കൊല്ലം | 19,41,461 |
| 13. | ചെറുകാവ് | മലപ്പുറം | 21,73,213 |
| 14. | കാവിലുംപാറ | കോഴിക്കോട് | 13,60,662 |

| | | | |
|---|---|---|---|
| 15. | പുതുപ്പാടി | കോഴിക്കോട് | 14,35,262 |
| 16. | അമ്പലവയൽ | വയനാട് | 12,60,109 |
| 17. | കൽപ്പറ്റ | വയനാട് | 15,13,012 |
| 18. | വത്തിക്കുടി | ഇടുക്കി | 13,91,280 |
| 19. | കമിളി | ഇടുക്കി | 2,40,764 |
| ആകെ | | | 2,87,46,710 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര- പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഐ.എ.2/3/2026-ത സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 27-01-2026 11:18:50

സെക്ഷൻ ഓഫീസർ